കുവൈറ്റ് യുദ്ധത്തെ തുടർന്നുള്ള നഷ്ടപരിഹാരം

18 [1115] ശ്രീ. കല്ലടി മുഹമ്മദ്:
,, എ. യൂനസ് കുഞ്ഞ്:
,, എം. ജെ. സക്കറിയ:
,, കുട്ടി അഹമ്മദ് കുട്ടി:
,, പെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുവൈറ്റ് യുദ്ധത്തെ തുടർന്ന് സമ്പാദ്യങ്ങൾ ഉപേക്ഷിച്ച് നാട്ടിലേക്ക് തിരിച്ചുവന്നവരിൽ എത്രപേർ നഷ്ടപരിഹാരത്തിന് അപേക്ഷ നൽകി;

(ബി) ആകെ എന്തു തുകയ്ക്കാണ് അപേക്ഷ നൽകിയിരുന്നത്;

(സി) എത്ര പേർക്ക് നഷ്ടപരിഹാരം ലഭിച്ചു;

(ഡി) എന്തു തുക നഷ്ടപരിഹാരമായി ലഭിച്ചു?

ഉത്തരം

(എ, ബി, സി ആൻറ് ഡി) ഇത് സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ഈ ഗവൺമെൻറിൻെറ പക്കൽ ലഭ്യമല്ല. കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിൽനിന്നും ലഭിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ജനീവയിലെ ഐക്യരാഷ്ട്ര കമ്മീഷൻ (യു.എൻ.സി.സി.) 167 ഇൻഡ്യാക്കാർക്ക് നഷ്ടപരിഹാരമായി നൽകിയ 6,42,500 അമേരിക്കൻ ഡോളർ 31-10-1995-ൽ ലഭിച്ചു. ഇതിൽ കേരളത്തിൽനിന്നുള്ള 'ബി' ക്ലാസ് ക്ലെയിമുകൾ 62 എണ്ണം ഉണ്ട്.

നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള 4 ബാങ്കുകൾ 'ബി' ക്ലാസ് അവകാശികൾക്ക് പ്രത്യേക അക്കൗണ്ട് വഴി പണം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ഐക്യരാഷ്ട്ര നഷ്ടപരിഹാര കമ്മീഷൻ (യു.എൻ.സി.സി.) 'എ' വിഭാഗത്തിൽപ്പെടുന്ന ചെറിയ തുകയ്ക്കുള്ള നഷ്ടപരിഹാര അഭ്യർത്ഥനകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇതോടൊപ്പംതന്നെ താമസിയാതെ വസ്തുവകകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള 'സി', 'ഡി' വിഭാഗത്തിലുള്ള ക്ലെയിമുകളും പരിശോധിക്കുന്നതാണ്.

നഷ്ടപരിഹാരത്തിന് ക്ലെയിമുകൾ സമർപ്പിക്കുന്നതിന് യു.എൻ.സി.സി. നിശ്ചയിച്ചിരുന്ന അവസാന ദിവസമായിരുന്ന 1-1-1995 വരെ ഫയൽ ചെയ്യപ്പെട്ട എ, ബി, സി, ഡി വിഭാഗത്തിൽപ്പെട്ട 1·46 ലക്ഷം അപേക്ഷകളിൽ 32760 എണ്ണം കേരളത്തിൽ നിന്നാണ്.

എ	..	22580 എണ്ണം
ബി	..	82 ,,
സി	..	9805 ,,
ഡി	..	293 ,,

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടപരിഹാരത്തിനുള്ള ക്ലെയിമുകൾ പരിശോധിക്കുന്നതും ബന്ധപ്പെട്ട ഗവൺമെൻറുകൾവഴി അവ അർഹരായ അവകാശികൾക്ക് വിതരണം ചെയ്യുന്നതും യു.എൻ.സി.സി. -യുടെ ഉത്തരവാദിത്വത്തിൽപ്പെട്ട കാര്യമാണ്. ഇക്കാര്യത്തിൽ എന്തു കാലതാമസം ഉണ്ടാകുമെന്നോ വിതരണം ചെയ്തുവരുന്ന തുക എത്രത്തോളം ആയിരിക്കുമെന്നോ ഉള്ള കാര്യങ്ങൾ ഇപ്പോൾ വ്യക്തമല്ല.

ഗൾഫ് മലയാളികളിലൂടെ ലഭിക്കുന്ന വിദേശ നിക്ഷേപം

19 [1116] ശ്രീ. തച്ചടി പ്രഭാകരൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് മലയാളികൾ ഇൻഡ്യയിലെത്തിക്കുന്ന വിദേശ നിക്ഷേപം പൂർണ്ണമായി ചൂഷണം ചെയ്യാൻ സംസ്ഥാന ഗവൺമെൻറിന് കഴിയുന്നില്ലെന്നുള്ളത് സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) കഴിഞ്ഞ 5 വർഷങ്ങളിൽ ഗൾഫ് മലയാളികൾ കേരളത്തിൽ എത്തിച്ച വിദേശനാണ്യം എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗൾഫ് മലയാളികളുടെ ഇൻഡ്യയിലെ നിക്ഷേപം സംസ്ഥാനത്തിൻെറ പുരോഗതിക്കായി പൂർണ്ണമായി ചൂഷണം ചെയ്യപ്പെടുന്നില്ല എന്നുള്ളത് സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിദേശികളുടേയും വിദേശ ഇൻഡ്യാക്കാരുടെയും നിക്ഷേപം സംസ്ഥാന വ്യവസായ മേഖലകളിലേയ്ക്കും മറും ആകർഷിക്കുന്നതിനായി വിവിധ തലങ്ങളിൽ ശ്രമങ്ങൾ നടത്തിവരുന്നു. ബാങ്കുകളിലെ വായ്പാ നിക്ഷേപാനുപാതം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് റിസർവ് ബാങ്ക് നിയോഗിച്ച ടാസ്ക് ഫോഴ്സിൻെറ ശുപാർശകൾ സർക്കാരും മറു ബന്ധപ്പെട്ട ഏജൻസികളും ദ്രുതഗതിയിൽ നടപ്പിലാക്കിവരികയാണ്. ആ ശുപാർശകൾ നടപ്പിലാക്കിക്കഴിയുമ്പോൾ ഗൾഫ് മലയാളികളുടെ നിക്ഷേപവും സംസ്ഥാനത്തിൻെറ സാമ്പത്തിക പുരോഗതിക്കായി പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് കരുതുന്നു. കൂടാതെ വിദേശ മലയാളികളുടെ നിക്ഷേപം സംസ്ഥാനത്തിൻെറ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താനായി ഒരു കോർപ്പറേഷൻ രൂപീകരിക്കുന്നകാര്യം സർക്കാരിൻെറ പരിഗണനയിലുണ്ട്.

(സി) ഗൾഫ് മലയാളികളുടെമാത്രം നിക്ഷേപത്തിൻെറ കണക്ക് ലഭ്യമല്ല. 1991 മുതൽ 1995 സെപ്റ്റംബർ വരെ സംസ്ഥാനത്തെ ബാങ്കുകളിലെ ഗൾഫ് മലയാളികളുടേതുൾപ്പെടെയുള്ള നിക്ഷേപം താഴെ പറയും പ്രകാരമാണ്:

വർഷം	നിക്ഷേപം (രൂപ കോടിയിൽ)
1991 മാർച്ച് 31	2304
1992 മാർച്ച് 31	3039
1993 മാർച്ച് 31	4499
1994 മാർച്ച് 31	6015
1995 സെപ്റ്റംബർ വരെ	7253

LIBRARY ARCHIVES Kerala Legislative Assembly